(ഡി) കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ (14) പ്രകാരം പട്ടികജാതി (8%) പട്ടികവർഗ്ഗ (2%) അനുപാതം 8:2 എന്ന ക്രമത്തിൽ 10 ശതമാനം പാലിക്കണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. വാർഷികാവലോകന പ്രകാരം ഓരോ വകുപ്പുകളിലേയും പട്ടികജാതി/പട്ടികവർഗ്ഗ അനുപാതം നിശ്ചിത ശതമാനം പുലർത്തുന്നുണ്ടോയെന്ന് പരിശോധിക്കുകയും അനുപാതത്തിൽ കുറവുണ്ടെന്ന് കണ്ടാൽ തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി സംവരണം ചെയ്ത് നൽകാറുമുണ്ട്. വാർഷികാവലോകന പ്രകാരം സംവരണം ചെയ്യുന്ന തസ്തികകളിലേക്ക് നടത്തുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ സ്ഥിതിവിവരങ്ങൾ മാസംതോറും സർക്കാർ അവലോകനം ചെയ്യുന്നുണ്ട്. മാത്രവുമല്ല സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി ത്വരിതപ്പെടുത്തുന്നതിലേക്കായി സംവരണം ചെയ്യപ്പെടുന്ന തസ്തികകളിൽ നിയമനം എത്രയും വേഗം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് തലവൻമാർക്കും നിയമനാധികാരികൾക്കും സർക്കുലർ മുഖേന നിർദ്ദേശം നൽകാറുമുണ്ട്.

പാലക്കാട് ജില്ല ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

44 [854] പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു എന്നുള്ള വിവരവും അവരുടെ ജാതി തിരിച്ചുള്ള വിവരവും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജില്ലയിൽ വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ യഥാസമയം ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി & സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് കർശനമായ നിർദ്ദേശം വകുപ്പുതലവൻമാർ/നിയമനാധികാരികൾ എന്നിവർക്ക് നൽകിയിട്ടുണ്ട്.

GPM. 2/152/2013—10

LIBRARY ARCHIVES Kerala Legislative Assembly